Draft #4 of File 1093/AC B2-3/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 04-Dec-2020 03:22 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·
विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

<u>**സംഗ്രഹം**</u>

സ്വകാര്യ എയ്ഡഡ് കോളേജുകൾ - അസിസ്റ്റന്റ് പ്രൊഫസർ നിയമനം - 11.09.2020 -ലെ G.O(MS)313/2020/H.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ നിന്നുള്ള, സർക്കാർ നോമിനി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച നിയമന ശുപാർശകൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 2 സെക്ഷൻ**

നമ്പർ. 5774/AC B 2/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 07.12.2020

---

*പരാമർശം:*-1) 01.04.2020 തീയതിയിലെ G.O(MS) No. 155/2020/HEDN നമ്പർ സർക്കാർ ഉത്തരവ്.

2) 18.06.2020 തീയതിയിലെ ഉന്നത വിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ F3/255/2016/HEdn നമ്പർ
കത്ത്.

3) 11.09.2020 തീയതിയിലെ G.O(MS)No.313/2020/HEDN നമ്പർ സർക്കാർ ഉത്തരവ്.

4) സർവ്വകലാശാല ഉത്തരവ് നം. 5108/ACB1/2020/എം.ജി.യൂ തീയതി 02.11.2020

5) സർവ്വകലാശാലയിൽ നിന്നുമുള്ള കത്ത് നം. ACBI/3/25686/2020 തീയതി 16.11.2020

6) ധനകാര്യ വകുപ്പ് 05.11.2020 തിയതിയായി പുറപ്പെടുവിച്ച സ.ഉ. (അച്ചടി) നമ്പർ. 152/2020/ധന. നം ഉത്തരവ്.

7) 2020 നവംബർ 30 -ന് കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ & അപ്രൂവലിന്റെ നടപടിക്കുറിപ്പ് ഇനം നമ്പർ
1093/ACB2-3/2020.

## <u>ഉത്തരവ്</u>

എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അദ്ധ്യാപകർക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിയമനാംഗീകാരം ഇല്ലാതെ സർവകലാശാല നിയമനാംഗീകാരം നൽകാൻ പാടില്ല എന്ന് പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ഇതിനാധാരമായി ചൂണ്ടിക്കാണിച്ചിരുന്നത് 01.04.2020-ലെ G.O(MS) No. 155/2020/HEDN നമ്പർ സർക്കാർ ഉത്തരവ് ആണ്. പ്രസ്തുത കത്ത് തീരുമാനത്തിനായി സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിച്ചിരുന്നതിനാൽ നിരവധി എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനാംഗീകാര ശുപാർശകൾ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നില്ല .

മേൽ പരാമർശിച്ച സർക്കാർ ഉത്തരവും സർക്കാർ കത്തും പരിഗണിച്ച സിൻഡിക്കേറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം IV, സെക്ഷൻ 23 (xviii), മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 45, ഭാഗം B, സ്റ്റാറ്റ്യൂട്ട് 16 (1) എന്നിവ പ്രകാരം സ്വകാര്യ എയ്ഡഡ് കോളേജുകളിലെ നിയമനാംഗീകാരം നൽകുന്നത് സിൻഡിക്കേറ്റിൽ നിക്ഷിപ്തമായ ചുമതലയാണ് എന്നതിനാൽ ഈ വിഷയത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടുന്നതിന് തീരുമാനിച്ചത് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും, അതിൻ പ്രകാരം 17.11.2020 തിയതിയിൽ സർക്കാരിലേക്ക് പരാമർശം (5) പ്രകാരം കത്ത് നൽകുകയും ചെയ്തു.

11.09.2020-ലെ GO (Ms) 313/2020/H.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം G.O(MS) No. 155/2020/HEDN നമ്പർ സർക്കാർ ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി - (i). പ്രസ്തുത ഉത്തരവിന്റെ പ്രാബല്യത്തിയതി 01.06.2020 മുതലായിരിക്കും. (ii). 01.06.2020 മുതലുള്ള എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ നിയമനങ്ങൾക്ക് പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതായിരിക്കും. (iii).09.05.2018-നും 31.05.2020-നും ഇടയിൽ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ സെലക്ഷൻ കമ്മിറ്റി മുഖേന നടത്തിയിട്ടുള്ള നിയമനങ്ങൾ 09.05.2018-ലെ G.O. (Ms) 93/2018/H.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പരിഗണിക്കേണ്ടതാണ്. (iv). പ്രസ്തുത സർക്കാർ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ധനകാര്യ വകുപ്പ് 05.11.2020 തിയതിയായി പുറപ്പെടുവിച്ച സ.ഉ. (അച്ചടി) നമ്പർ. 152/2020/ധന. ഉത്തരവിലെ വകുപ്പ് (4) പ്രകാരം 31.05.2020 വരെ നിയമപ്രകാരം സർക്കാർ ഉത്തരവിലൂടെ സർക്കാർ നോമിനി കൂടി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച നിയമനങ്ങൾ, പി.എസ്.സി. നിയമന ശുപാർശ നൽകിയ തസ്തികകൾ എന്നിവ അംഗീകരിക്കാവുന്നതാണ് എന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവ് സർവ്വകലാശാലയ്ക്ക് അടയാളപ്പെടുത്തിയിട്ടുള്ളതും 05.11.2020 -ൽ 64279/Ad.A3/4/2020 നമ്പർ പുറത്തെഴുത്ത് ആയി സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതുമാണ്. എന്നാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും മറ്റ് ഉത്തരവുകൾ ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

മേൽ സാഹചര്യത്തിൽ, സർക്കാരിലേക്ക് സ്പഷ്ടീകരണം ആവശ്യപ്പെട്ട് നൽകിയ പരാമർശം (4) കത്തിന് മറുപടി ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ, ആയതിന് ഇനിയും കാലതാമസം ഉണ്ടായേക്കാമെന്ന് കാണുന്നതിനാൽ :-

31.05.2020 വരെ നിയമപ്രകാരം സർക്കാർ ഉത്തരവിലൂടെ, സർക്കാർ നോമിനി കൂടി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച സർവ്വകലാശാലയുടെ കിഴിലുള്ള കോളേജുകളിൽ നിന്നുള്ള നിയമന ശുപാർശകൾ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണോ അല്ലെങ്കിൽ സിൻഡിക്കേറ്റ് തീരുമാന പ്രകാരം സർക്കാരിലേക്ക് സ്പഷ്ടീകരണം ആവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ച 17 .11 .2020 തീയതിയിലെ കത്തിന് മറുപടി ലഭിച്ച ശേഷം മാത്രം ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചാൽ മതിയോ എന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

2020 നവംബർ 30 -ന് കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ & അപ്രൂവലിന്റെ നടപടിക്കുറിപ്പ് പരാമർശം (7) പ്രകാരം താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടു .

" 11.09.2020 -ലെ G.O(MS)313/2020/H.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ നിന്നുള്ള, സർക്കാർ നോമിനി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച നിയമന ശുപാർശകൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു "

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലറുടെ/ പ്രൊ - വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2) രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ പി.എ.
3) എസി.സി. I /II സെക്ഷൻ.
4) ഐ.ക്യൂ.എ.സി/ സി.ഡി.I/II സെക്ഷൻ/എ സി ബി 1 സെക്ഷൻ
5) കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ റെക്കോർഡ്സ് വിഭാഗം
6) കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #4 of File 1093/AC B2-3/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 04-Dec-2020 03:22 PM - Page 2